പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.3163

20.06.2014-ൽ മറുപടിക്ക്

# നീര ഉല്പാദനവും വികസനവും

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ഇ.പി.ജയരാജൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും, മൃഗസംരക്ഷണവും<br>അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് നീര ഉല്പാദനവും വിപണനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതും ഏകോപിപ്പിക്കുന്നതും ഏത് ഏജൻസി മുഖേനയാണ് ; | എ) സംസ്ഥാനത്ത് നീര ഉല്പാദനവും വിപണനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും കൃഷി, എക്സൈസ് വകുപ്പുകളുടെ ഏകോപിപ്പിച്ചുള്ള പ്രവർത്തനം ഉറപ്പു വരുത്തിയാണ് നാളികേര-നീര ബോർഡ് രൂപീകരിച്ച് ഉത്തരവായിട്ടുള്ളത്. കാർഷികോല്പാദന കമ്മീഷണർ ചെയർമാനായും എക്സൈസ് കമ്മീഷണർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായി, 13/05/2014-ലെ സ.ഉ.(എം.എസ്) 66/2014/നി.വ. പ്രകാരമാണ് നാളികേര നീര ബോർഡ് രൂപീകരിച്ചിട്ടുള്ളത്. |
| ബി) നീര വ്യാവസായികാടിസ്ഥാനത്തിൽ ഉല്പാദിപ്പിക്കുവാനും കർഷകർക്ക് നീര ഉല്പാദനത്തിന്റെയും സംസ്കരണത്തിന്റെയും സാങ്കേതിക വിദ്യ പകർന്നു നൽകുവാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | ബി) കേരള കാർഷിക സർവ്വകലാശാലയിൽ പൈലറ്റ് പ്രോജക്റ്റ് അടിസ്ഥാനത്തിൽ നീര ഉല്പാദനത്തിനും സംസ്കരണത്തിനും വേണ്ടി തെരഞ്ഞെടുക്കപ്പെട്ട 30 വ്യക്തികൾക്ക് കാർഷിക സർവ്വകലാശാല വിദഗ്ധ പരിശീലനം നൽകിയിട്ടുണ്ട്. |
| സി) സംസ്ഥാനത്ത് നിലവിൽ എത്ര നീര ഉല്പാദന യൂണിറ്റുകൾ പ്രവർത്തന ക്ഷമമായുണ്ട് ; | സി) സംസ്ഥാനത്ത് 14 ജില്ലകളിലായി 16 യൂണിറ്റുകൾക്ക് നീര ഉല്പാദനത്തിന് ലൈസൻസ് നൽകിയിട്ടുണ്ട്. |
| ഡി) ഇതിൽ വ്യക്തികൾ, കമ്പനികൾ, സഹകരണ സംഘങ്ങൾ എന്നിവ നടത്തുന്ന യൂണിറ്റുകൾ ഏതെല്ലാമെന്നു പ്രത്യേകമായി വ്യക്തമാക്കുമോ; | ഡി) നാളികേര വികസന ബോർഡിന്റെ അംഗീകാരമുള്ള നാളികേര ഉല്പാദക ഫെഡറേഷനുകൾക്കാണ് നിലവിൽ ലൈസൻസ് നൽകിയിട്ടുള്ളത്. |

| | | |
|---|---|---|
| ഇ) നീര ഉല്പാദന യൂണിറ്റുകൾക്ക് ഇതിനോടകം ആകെ എത്ര സബ്സിഡി നൽകി; | ഇ) എഫ്) | നീര ഉല്പാദന യൂണിറ്റിനോ, സ്ഥാപനത്തിനോ വ്യക്തികൾക്കോ കൃഷി വകപ്പിൽ നിന്നും ഇതുവരെ സബ്സിഡി ഒന്നും നൽകിയിട്ടില്ല. |
| എഫ്) ഓരോ യൂണിറ്റിനും സ്ഥാപനത്തിനും വ്യക്തികൾക്കും നൽകിയ സബ്സിഡി തുക എത്ര വീതമാണ്? | | |

Sneha

**സെക്ഷൻ ഓഫീസർ**